നൽകേണ്ടതായുണ്ട്. കണ്ണൂർ പദ്ധതി നാഫ്ത ഇന്ധനമായുള്ളതാണ്. നാഫ്തയുടെ വില ഇപ്പോൾ ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. ഇതുമൂലം നാഫ്ത അടിസ്ഥാനമായുള്ള പദ്ധതികളിൽ നിന്നുള്ള വൈദ്യുതിക്ക് കൂടിയ വില നൽകേണ്ടിവരുമെന്ന് മനസ്സിലായി.

(എഫ്&ജി) അന്തിമ വൈദ്യുതി വാങ്ങൽ കരാറി (പവർപർച്ചേസ് എഗ്രിമെന്റ്)ന്റെ അടിസ്ഥാനത്തിൽ മാത്രമേ വില നിശ്ചയിക്കാനാവൂ.

കണ്ണൂർ പവർ പ്രോജക്ട്

119 (344) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ പവർ പ്രോജക്ടിന്റെ പങ്കാളിയായി "എൽപാസോ" എന്ന അമേരിക്കൻ കമ്പനിയെ അംഗീകരിക്കണമെന്ന് സംസ്ഥാന വൈദ്യുതി ബോർഡ് ശുപാർശ ചെയ്തിരുന്നുവോ ;

(ബി) എങ്കിൽ ആ ശുപാർശ ഗവൺമെന്റ് പരിഗണിച്ചുവോ ;

(സി) ഇതു സംബന്ധിച്ച് എന്തു തീരുമാനമെടുത്തുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഇതു സംബന്ധിച്ച് ഫയലുകൾ സംസ്ഥാന അഡ്വക്കേറ്റ് ജനറലിന് കേസ്സുമായി ബന്ധപ്പെട്ട് അയച്ചുകൊടുത്തിരിക്കയാണ്. ഇത് ലഭ്യമാക്കി പരിശോധിച്ച് വിവരം പിന്നീട് നല്കുന്നതാണ്.

പ്രീമോ പൈപ്പ് ഫാക്ടറി ഏറ്റെടുക്കൽ

120 (345) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് പുത്തൂരിൽ പ്രവർത്തിച്ചിരുന്ന കേരള പ്രീമോ പൈപ്പ് ഫാക്ടറിയുടെ യൂണിറ്റ് വൈദ്യുതി ബോർഡ് ഏറ്റെടുത്ത സിമെന്റ് പോസ്റ്റുകൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കണം എന്നാവശ്യപ്പെട്ട് നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ കോഴിക്കോട് ജില്ലയിലെ തലകുളത്തുമിൽ ബോർഡിന് സ്വന്തമായി ഉള്ള സ്ഥലത്ത് ഒരു ഡിപ്പാർട്ടുമെന്റൽ പോൾകാസ്റ്റിംഗ് യാർഡ് തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് സർക്കിളിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായി വരുന്ന പി.എസ്.സി. പോസ്റ്റുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിനായി ഇപ്പോൾ രാമനാട്ടുകര പെരുവയൽ, കല്ലംതോട് എന്നിവിടങ്ങളിൽ 3 പോൾകാസ്റ്റിംഗ് യാർഡുകളിലെ കരാറുകാരുമായി പോസ്റ്റുകൾ സപ്ലൈ ചെയ്യുന്നതിനുള്ള ധാരണയിലെത്തിയിട്ടുണ്ട്. അതിനാൽ കോഴിക്കോട് ജില്ലയിൽ വീണ്ടും ഒരു പോൾ കാസ്റ്റിംഗ് യാർഡു കൂടി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ഇപ്പോൾ ഇല്ല.

വൈപ്പിനിലെ താപവൈദ്യുതി നിലയം

121 (346) ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിനിൽ 1200 മെഗാവാട്ട് ശേഷിയുള്ള താപവൈദ്യുത നിലയം സ്ഥാപിക്കുന്നതിന് മലേഷ്യയിലെ സിയാസിൽ കമ്പനിയുമായി ധാരണപത്രം ഒപ്പുവച്ചിരുന്നുവോ ;

(ബി) പ്രസ്തുത പദ്ധതിക്ക് സാങ്കേതിക-സാമ്പത്തിക അനുമതികൾ ലഭിച്ചിട്ടുണ്ടോ ;

(സി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈപ്പിനിൽ 1200 മെഗാവാട്ട് ശേഷിയുള്ള താപവൈദ്യുത നിലയം സ്ഥാപിക്കുന്നതിന് സിയാസിൽ ട്രേഡിംഗ് ആന്റ് സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 600 മെഗാവാട്ട് വരുന്ന ആദ്യഘട്ടത്തിന് സാങ്കേതിക സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ട്.

(സി) അന്തിമ വൈദ്യുതി വാങ്ങൽ കരാർ, എസ്ക്രോ നിബന്ധനകൾ, ഇന്ധനം വാങ്ങൽ, ഫൈനാൻഷ്യൽ ക്ലോഷൻ തുടങ്ങി വിവിധ സാങ്കേതിക ഘടകങ്ങളെ സംബന്ധിച്ച് അന്തിമ തീരുമാനമാകേണ്ടതുണ്ട്.

തലശ്ശേരി ക്യാൻസർ ആശുപത്രിയുടെ നിർമ്മാണച്ചെലവ്

122 (347) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരിയിൽ ആരംഭിച്ച ക്യാൻസർ ആശുപത്രിയുടെ മൊത്തം എസ്റ്റിമേറ്റ് എത്ര രൂപയാണെന്നും ഇതിനോടകം എത്ര രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ ;

(ബി) ക്യാൻസർ ആശുപത്രിയും അനുബന്ധപദ്ധതികൾക്കും വേണ്ടി എസ്.എൻ.സി. ലാവ്‌ലിൻ എത്ര തുകയാണ് വാഗ്ദാനം നൽകിയിട്ടുള്ളത് ; ഇതിൽ എത്ര രൂപ ഇതിനകം നൽകി ; ബാക്കി തുക നൽകാനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly